പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

162 (1218) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പുല്ലമ്പാറ വില്ലേജാഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും പ്രസ്തുത ഫയലിൽ എന്ത് തീരുമാനമെടുത്തു വെന്നുമുള്ള വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 9,50,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കളക്ടറേറ്റ് ഫയൽ നമ്പർ എ 14 81066/12. അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി.-യുടെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ പുല്ലമ്പാറ വില്ലേജാഫീസിന് നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാതെ തന്നെ ആയതിനോട് ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കാവുന്ന തരത്തിലുള്ള പ്ലാൻ 21-11-2012-ൽ നെടുമങ്ങാട് തഹസിൽദാർക്ക് അയച്ചുകൊടുക്കുകയും, തുടർന്ന് വില്ലേജാഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റാതെ തന്നെ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കാൻ നെടുമങ്ങാട് തഹസിൽദാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും 2-01-2013-ൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗം പലതവണ ടെണ്ടർ വിളിച്ചെങ്കിലും ആരും ടെണ്ടർ ഏറ്റെടുക്കുവാൻ തയ്യാറായില്ല എന്നതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തത്.

(ഡി) നിർമ്മാണ ചുമതല പൊതുമരാമത്ത് കെട്ടിട വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly